## എ കുഞ്ഞിക്കണ്ണൻ സ്മാരക ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ മലപ്പട്ടം

Email:ghsmalapattam@gmail.com

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**2025-26**

# ഉള്ളടക്കം

1. ആമുഖം

2. അടിസ്ഥാന വിവരങ്ങൾ

3. ലക്ഷ്യങ്ങൾ

4. വിദ്യാലയത്തിന്റെ ലഘു ചരിത്രം

5. വിദ്യാലയം മികവിന്റെ കേന്ദ്രം

6. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

7. മികവുകൾ, നേട്ടങ്ങൾ

8. നിലവിലെ അവസ്ഥ വിശകലനം

9. ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

10. പദ്ധതി വിശകലനം

11. പ്രതീക്ഷിത നേട്ടങ്ങൾ

12. മോണിറ്ററിംഗ്

13. ഉപസംഹാരം

14. വിദ്യാലയത്തിന്റെ സ്കെച്ച് , സൈറ്റ് പ്ലാൻ, രൂപരേഖ

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എ കുഞ്ഞിക്കണ്ണൻ സ്മാരക ഗവ:ഹയർ സെക്കൻഡറി സ്കൂൾ മലപ്പട്ടം,<br>പി ഒ മലപ്പട്ടം,കണ്ണൂർ ജില്ല<br>പിൻ – 670631 |
| ഫോൺ | : | ............ |
| സ്കൂൾ കോഡ് | : | 13082 |
| വിദ്യാഭ്യാസ ഉപജില്ല | : | ഇരിക്കൂർ |
| വിദ്യാഭ്യാസ ജില്ല | : | തളിപ്പറമ്പ് |
| റവന്യൂ ജില്ല | : | കണ്ണൂർ |
| ബി ആർ സി | : | ഇരിക്കൂർ |
| സി ആർ സി | : | മലപ്പട്ടം |
| ഗ്രാമപഞ്ചായത്ത് | : | മലപ്പട്ടം (4ാം വാർഡ്) |
| ബ്ലോക്ക് പഞ്ചായത്ത് | : | ഇരിക്കൂർ |
| ജില്ലാ പഞ്ചായത്ത് | : | കണ്ണൂർ |
| നിയമസഭാ മണ്ഡലം | : | തളിപ്പറമ്പ് |
| ലോകസഭാ മണ്ഡലം | : | കണ്ണൂർ |
| താലൂക്ക് | : | തളിപ്പറമ്പ് |
| വില്ലേജ് | : | മലപ്പട്ടം |
| ഇ മെയിൽ ഐഡി | : | ghsmalappattam@gmail.com |

# ആമുഖം

കണ്ണൂർ ജില്ലയുടെ കിഴക്കൻ പ്രദേശത്തുള്ള ഒരു മലയോര ഗ്രാമമാണ് മലപ്പട്ടം .

1981 ൽ അനുവദിക്കപ്പെട്ട എ കുഞ്ഞിക്കണ്ണൻ സ്മാരക ഗവ:ഹയർ സെക്കൻഡറി സ്കൂൾ

അക്കാദമിക രംഗത്ത് മികവുകൾ ഏറെ നേടിയിട്ടുണ്ടെങ്കിലും സമഗ്ര വിദ്യാലയ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഞങ്ങളുടെ വിദ്യാലയത്തിന് 2 കോടി 87 ലക്ഷം രൂപയുടെ പുതിയ 12 ക്ലാസ് മുറികൾ അനുവദിക്കുകയും അതിൻെറ നിർമ്മാണ പ്രവർത്തി പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്.18 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് നൽകി ലൈബ്രറി കെട്ടിടത്തിടത്തിന്റെയും 10 ലക്ഷം രൂപ മലപ്പട്ടം ഗ്രാമപഞ്ചായത്ത് നൽകി പാചകപ്പുരയുടെ നിർമ്മാണം പുരോഗതിയിലാണ്.വിദ്യാലയം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന പ്രവത്തികൾ പുരോഗതിയിലാണ്. സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതിയുടെ ഭാഗമായുള്ള സ്കൂൾ വികസന സമിതി രൂപീകരിച്ച് സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ മേൽനോട്ടം വഹിക്കുകയും ചെയ്യുന്നുണ്ട് .ഇതിന്റെ ഭാഗമായി നിരവധി പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ നടത്തിയിട്ടുണ്ട്.

2025–26 അധ്യയന വർഷത്തിൽ 6 ക്ലാസുകളിലായി 218 വിദ്യാർത്ഥികൾ അദ്ധ്യായനം നടത്തുന്നു.ഹെഡ്മാസ്റ്റർ ഉൾപ്പെടെ 11 അധ്യാപകരും 4 ഓഫീസ് സ്റ്റാഫും വിദ്യാലയത്തിൽ ജോലി ചെയ്യുന്നു.ശാസ്ത്രമേളയിലും, ഗണിതശാസ്ത്രമേളയിലും വിദ്യാരംഗം, കലോത്സവങ്ങൾ എന്നിവയിലെല്ലാം ജില്ലാ – സംസ്ഥാനതലത്തിൽ നിരവധി സമ്മാനങ്ങൾ മിക്ക വർഷവും വിദ്യാലയത്തിന്റെ നേതൃത്വത്തിൽ നേടിയെടുക്കാൻ സാധിക്കാറുണ്ട്. എസ് പി സി ,ജെ ആർ സി,ലിറ്റിൽ കെറ്റ് ,എൻ എസ് എസ് , അസാപ്പ്, സൗഹൃദ എന്നീ യൂണിറ്റുകൾക്കൊപ്പം വിദ്യാരംഗം ഉൾപ്പെടെ നിരവധി ക്ലബ്ബ് പ്രവർത്തനങ്ങളും ചിട്ടയായി നടന്നുവരുന്നു.

അടുത്ത 5 വർഷംകൊണ്ട് ജില്ലയിലെ മികച്ച വിദ്യാലയമാക്കി മാറ്റുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് ഞങ്ങൾ വിഭാവനം ചെയ്യുന്നത്.വിദ്യാലയത്തിലും പുറത്തും ഉള്ള വിദ്യാർത്ഥികൾക്കും , കൗമാരക്കാർക്കും , ഭിന്നശേഷിക്കാർക്കും പ്രയോജനകരമായ രീതിയിൽ ഒരു കൗൺസിലിംഗ് സെൻറർ , വിശാലമായ ലൈബ്രറി, ഒരോ ക്ലാസിനും പ്രത്യേകം സിലബസിന് അനുസൃതമായ റഫറൻസ് ലൈബ്രറി, ഉന്നത പഠനത്തിന് അടിത്തറയിടാൻ പാകത്തിലുള്ള ഗൈഡൻസ് സെൻറർ , മികച്ച ആരോഗ്യ -കല -കായിക പരിശീലന ഹബ്ബ് ,അത്യാധുനിക സൗകര്യങ്ങളോടുകൂടിയുള്ള ഐ ടി ലാബ്, മികച്ച സസ്യോദ്യാനത്തോടു കൂടിയുള്ള പരിസ്ഥിതി സൗഹൃദ അന്തരീക്ഷം, ഏറ്റവും മികച്ച ശുചിമുറി, മികച്ച പാചക വിതരണശാല, സോളാർ എനർജി സംവിധാനം എന്നിവ പദ്ധതിയിൽ ഉൾപ്പെടുന്നു.

മാതൃഭാഷയിൽ പ്രാവിണ്യം നേടുന്നതോടൊപ്പം ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകൾ കൂടി പ്രാവീണ്യം നേടുന്നതിനുതകുന്ന തരത്തിലുള്ള ലാംഗ്വേജ് ലാബ് രൂപീകരിക്കുക. ശാസ്ത്ര -ഗണിതശാസ്ത്ര – സാമൂഹികശാസ്ത്ര ലാബുകൾ ഒരുക്കുക എന്നിവയും അക്കാദമിക ലക്ഷ്യങ്ങളിൽ പെടുന്നു. ഇതിനായി പ്രാദേശികമായി ലഭിക്കുന്ന വിഭവങ്ങളും വിദഗ്ധരയും പ്രയോജനപ്പെടുത്തുക വഴി ഇതൊരു മികച്ച സാമൂഹിക സൗഹൃദ വിദ്യാലയമായി മാറും.

കുട്ടികളുടെ കഴിവിനനുസരിച്ച് ഹൈസ്കൂൾ ക്ലാസ് മുതൽ സ്വയംതൊഴിൽ പരിശീലനം നൽകുന്നതിനുള്ള തൊഴിൽ നൈപുണ്യ കേന്ദ്രവും ഞങ്ങളുടെ പരിഗണനയിലുണ്ട് (തയ്യൽ പരിശീലനം, സോപ്പ് നിർമ്മാണം, ക്യാരിബാഗ് നിർമ്മാണം, കുട നിർമ്മാണം, കരകൗശല നിർമ്മാണം എന്നിവ )എസ് എസ് എൽ സി യിൽ 100

മേനി വിജയമാണ് കഴിഞ്ഞ ഏതാനും വർഷങ്ങളായി വിദ്യാലയത്തിന്റെ മികവ് .

നേട്ടങ്ങൾക്കിടയിലും മലപ്പട്ടം ഗ്രാമപഞ്ചായത്തിലെ ഈ ഏക സർക്കാർ വിദ്യാലയം ഏറെ പരിമിതികളിലാണ്.മികച്ച ഐടി ലാബ്, സയൻസ് ലാബ്, സാമൂഹ്യ ഗണിതശാസ്ത്ര ലാബ്, ലൈബ്രറി എന്നിവയും ആധുനിക സൗകര്യങ്ങളോടുകൂടിയ അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ടതുണ്ട്.കളിസ്ഥലം നവീകരിക്കുക, ആവശ്യമായ ഗതാഗത സൗകര്യമൊരുക്കുക എന്നിവയെല്ലാം അടിയന്തര പ്രാധാന്യമുള്ള മറ്റു വിഷയങ്ങളാണ്.

സ്കൂളിന് മികവിന്റെ കേന്ദ്രങ്ങൾ ആക്കുക എന്ന ലക്ഷ്യത്തോടെയുള്ള അക്കാദമിക് പ്ലാനുകളാണ് അടുത്ത 5 വർഷത്തെ മുൻനിർത്തി തയ്യാറാക്കിയിട്ടുള്ളത്.ഈ വിദ്യാലയത്തിന്റെ പരിധിയിൽ വരുന്ന മുഴുവൻ കുട്ടികളെയും ഈ വിദ്യാലയത്തിലേക്ക് എത്തിക്കാൻ കഴിയും എന്ന ശുഭാപ്തി വിശ്വാസത്തോടെയാണ് പൊതു വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ഈ പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നത്.

| | STD VIII | IX | X | Total |
|---|---|---|---|---|
| ആകെ ക്ലാസുകൾ | 2 | 2 | 2 | 6 |
| ആകെ ജീവനക്കാർ | HM | അധ്യാപകർ | ഓഫീസ് സ്റ്റാഫ് | ആകെ |
| | 1 | 11 | 4 | 16 |

| | STD VIII | IX | X | Total |
|---|---|---|---|---|
| ആകെ കുട്ടികൾ | 2 | 2 | 2 | 6 |
| കുട്ടികളുടെ എണ്ണം | 67 | 73 | 78 | 218 |

# ലക്ഷ്യങ്ങൾ

* എസ്എസ്എൽസി വിജയം 100% നിലനിർത്തിക്കൊണ്ട് ഹയർസെക്കൻഡറി വിജയം 100% എത്തിക്കാനും ഉയർന്ന ഗ്രേഡ് നേടാനും കുട്ടികളെ പ്രാപ്തരാക്കുക.

* ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന നിലയിൽ സ്കൂൾ ക്യാമ്പസിനെ മാറ്റിയെടുക്കുക.

* കലാ-കായിക രംഗങ്ങളിൽ ഓരോ കുട്ടിയും അഭിരുചിക്കനുസരിച്ച് ദേശീയ അന്തർദേശീയ തലങ്ങളിൽ മികവ് തെളിയിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കും.

* സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിക്കും മലയാളം ,ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ അനായാസം ആശയ വിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കും.

* സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിയും അവന്റെ കഴിവിനും അഭിരുചിക്കും അനുസരിച്ച് ഒരു തൊഴിലെങ്കിലും സ്വായത്തമാക്കുക.

* ശാസ്ത്ര - ഗണിത ശാസ്ത്ര ലാബുകൾ, ലൈബ്രറികൾ എന്നിവ ഉന്നത പഠനത്തിന് അടിത്തറപ്പാകാൻ ഉതകം വിധം വികസിപ്പിക്കക.

* ജൈവ വൈവിധ്യ ഉദ്യാനം വികസിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഉള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും.

* ലഹരി വിമുക്ത ക്യാമ്പസ് - ലഹരി വിമുക്ത ക്യാമ്പസ് എന്നിവ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കും.

* ഭിന്നശേഷിക്കാർക്ക് കൂടി ഉന്നത ജീവിതലക്ഷ്യങ്ങൾ പ്രാപ്തമാകും വിധം ഭൗതികവും അക്കാദമികവുമായ അന്തരീക്ഷം ഒരുക്കുക.

* ആധുനിക വിദ്യാഭ്യാസത്തിൽ പ്രാപ്തമായ എല്ലാവിധ ഭൗതിക സാഹചര്യങ്ങളും ഒരുക്കുക.

* പെൺകുട്ടികളുടെ പദവിയും അവസര തുല്യതയും ഉറപ്പാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തുക.

* കുട്ടികളുടെ മാനസിക നിലവാരം ഉയർത്തുന്നതിന് ആവശ്യമായ ആധുനിക കൗൺസിലിംഗ് സെൻറർ ആരംഭിക്കുക.

* കുട്ടികളുടെ ശാരീരികവും മാനസികവും അക്കാദമികവുമായ മികവിന് ഉതകുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഭൗതികവും അക്കാദമികവുമായ എല്ലാ മേഖലകളിലും ഉന്നമനത്തിനാവശ്യമായ പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി പൂർത്തീകരിക്കുക.

* മത നിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പാക്കുക.

* അക്കാദമിക മികവിന് പ്രാപ്തമാക്കാത്ത വിധത്തിൽ ദീർഘകാല ലക്ഷ്യത്തോടെയുള്ള പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ലക്ഷ്യങ്ങൾ – പ്രവർത്തനങ്ങൾ

* എസ് എസ് എൽ സി വിജയം 100% നിലനിർത്തിക്കൊണ്ട് ഹയർ സെക്കൻഡറി വിജയം 100% ൽ എത്തിക്കാനും ഉയർന്ന ഗ്രേഡ് കരസ്ഥമാക്കാനും കുട്ടികളെ പ്രാപ്തമാക്കുക.

* പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി അവരെ ഉയർന്ന ഗ്രേഡിന് പ്രാപ്തരാക്കുക.

* ക്ലാസ് ടെസ്റ്റ് നടത്തി റിസൾട്ട് ചാർട്ട് തയ്യാറാക്കുകയും രക്ഷിതാക്കളും അധ്യാപകരും ചേർന്ന് നിലവാരം നടത്തി വിലയിരുത്തുകയും ചെയ്യുക.

* ജി കെ നോട്ട് ബുക്ക് വിതരണം നടത്തുകയും ആഴ്ചയിലൊരിക്കൽ ക്വിസ് മത്സരം നടത്തി സമ്മാനവിതരണം നടത്തുക.

* സയൻസ് വിദ്യാർത്ഥികൾക്ക് പഠന നിലവാരം ഉയർത്താനും അനുഭവങ്ങൾ പങ്കുവെക്കാനും പ്രഗത്ഭരവുമായി ആശയ വിനിമയം നടത്താനും, പരിയാരം മെഡിക്കൽ കോളേജ്, കണ്ണൂർ ഗവൺമെൻറ് എൻജിനീയറിങ് കോളേജ് എന്നീ സ്ഥാപനങ്ങൾ സന്ദർശിക്കാനുള്ള അവസരം ഒരുക്കി കൊടുക്കുക.

* കൊമേഴ്സ് വിദ്യാർത്ഥികൾക്ക് ദേശസാൽകൃത ബാങ്കുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, സഹകരണ ബാങ്കുകൾ, ഇൻഡസ്ട്രിയൽ ഹ്യൂമാനിറ്റീസ് വിദ്യാർത്ഥികൾക്ക് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക. (കണ്ണൂർ കോട്ട, സെൻറർ ജയിൽ, അറക്കൽ മ്യൂസിയം, ഫോക്ലോർ അക്കാദമി, പഴശ്ശി സ്മാരകം , അനുഭവങ്ങൾ പങ്കുവെക്കുക.

* കുട്ടികളുടെ മാനസിക സംഘർഷം ഒഴിവാക്കാൻ കൗൺസിലിംഗ് ക്ലാസ്സ് സംഘടിപ്പിക്കുക.

* പഠനം നേട്ടം കൈവരിക്കുന്നതിന്റെ ഭാഗമായി സ്റ്റഡി ചാർട്ട് തയ്യാറാക്കി നൽകുകയും ഗൃഹ സന്ദർശന വേളയിൽ ചാർട്ട് പരിശോധിച്ചു വിലയിരുത്തുകയും ചെയ്യുക.

* വിദ്യാർത്ഥികളുടെ പഠന നിലവാരം പരിശോധിക്കുന്നതിന്റെ ഭാഗമായി രാത്രി 7നും 10 നും ഇടയിൽ കുട്ടികളും രക്ഷിതാക്കളുമായി ആശയവിനിമയം നടത്തേണ്ടതാണ്.പ്രിൻസിപ്പാൾ, എച്ച് എം, ക്ലാസ് അധ്യാപകർ എന്നിവർ ഇതിൽ പങ്കാളികൾ ആവേണ്ടതാണ്.സർഗാത്മക മേഖലയിൽ പ്രാവീണ്യം നേടുന്നതിനായി പ്രത്യേകം വിദഗ്ധരുടെ കോച്ചിംഗ് ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്. ശാസ്ത്ര സാഹിത്യരംഗത്തെ പ്രഗൽഭരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. എച്ച് എസ് എസ് , എച്ച് എസ് ഫുട്ബോൾ ടീം ഉണ്ടാക്കുക.

* ഔഷധ സസ്യോദ്യാനം നിർമ്മിക്കുകയും ജൈവ വൈവിധ്യ പാർക്ക് ഒരുക്കുകയും സസ്യങ്ങളിലൂടെ ശാസ്ത്രീയ നാമം രേഖപ്പെടുത്തുകയും ചെയ്യുക.

* പച്ചക്കറി കൃഷിയിൽ കുട്ടികളുടെ വിപുലമായ പങ്കാളിത്തം ഉറപ്പുവരുത്തുക.

* വർഷത്തിൽ 2 തവണ വിദ്യാർഥികൾക്ക് മെഡിക്കൽ ചെക്കപ്പ് സൗകര്യം ലഭ്യമാക്കുക.

* പരിയാരം മെഡിക്കൽ കോളേജ് കണ്ണൂർ ജില്ലാ ആസ്പത്രി നേത്ര വിഭാഗം സഹായത്തോടെ രക്ത പരിശോധന, നേത്ര പരിശോധന സംഘടിപ്പിക്കുക.

* വൈകുന്നേരം 3.30നും 4.30നും അധ്യാപകരുടെ സഹായത്തോടെ ശുചിത്വ സംവിധാനം ഉറപ്പുവരുത്തുക.

* സ്കൂൾ പെരുമാറ്റ ചട്ടങ്ങൾ സ്കൂൾ ഗേറ്റിനടുത്ത് പ്രദർശിപ്പിക്കുക.

* അവധിക്കാലത്ത് വിദ്യാർത്ഥികൾക്ക് വായനാശീലം വർദ്ധിപ്പിക്കുന്നതിനും നിരൂപണം തയ്യാറാക്കുന്നതിനുമായി വായനയുടെ മാമ്പഴക്കാലം സമുചിതമായി ആഘോഷിക്കുകയും വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്യുക.

* യുവജനോത്സവം വീറോടെയും വാശിയോടെയും സംഘടിപ്പിക്കുന്നതിന്റെ മുന്നോടിയായി കലാ-സാഹിത്യ സാംസ്കാരിക നേതാക്കളുടെ സാന്നിധ്യം ഉറപ്പുവരുത്തുക.

* കുട്ടികൾക്ക് ഐഡന്റിറ്റി കാർഡ് നിർബന്ധമായും വിതരണം ചെയ്യുക.

* കുട്ടികളുടെ സർഗാത്മകത വികസിപ്പിക്കുന്നതിന് പത്രം തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം നൽകുക.

* കുട്ടികളുടെ ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി എല്ലാ ആഴ്ചയിലും ഹിന്ദി, ഇംഗ്ലീഷ് ഭാഷകൾ ഉൾപ്പെടുത്തിക്കൊണ്ട് അസംബ്ലി സംഘടിപ്പിക്കുക.

* പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പൊതു ചടങ്ങിൽ അവർക്ക് സമ്മാനവിതരണം നടത്തുക.

* പ്രിൻസിപ്പാൾ, എച്ച് എം, പിടിഎ പ്രസിഡണ്ട് , മദർ പി ടി എ പ്രസിഡണ്ട് , ക്ലാസ് അധ്യാപകർ, മറ്റ് അധ്യാപകർ എന്നിവർ ചേർന്ന് സ്കൂൾ ഡിസിപ്ലിൻ കമ്മിറ്റി രൂപീകരിക്കുക.

* ഈ ലക്ഷ്യങ്ങളെല്ലാം പ്രാവർത്തികമാക്കി കൊണ്ട് സംസ്ഥാനത്തെ/ ജില്ലയിലെ ഏറ്റവും മികച്ച സ്കൂളുകളിൽ ഒന്നായി എ കുഞ്ഞിക്കണ്ണൻ സ്മാരക ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിനെ ഉയർത്തുക എന്നതാണ് വളരെ പ്രധാനമായ ലക്ഷ്യം.

# ചരിത്രം

കണ്ണൂർ ജില്ലയിലെ കിഴക്കു ഭാഗത്ത് സ്ഥിതി ചെയ്യുന്ന ഉപദ്വീപീയ സ്വഭാവമുള്ള ഒരു പ്രദേശമാണ് മലപ്പട്ടം .ഈ പ്രദേശം മൂന്നുഭാഗവും പുഴകളാൽ ചുറ്റപ്പെട്ടു കിടക്കുന്നതിനാൽ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ഗതാഗത ,വാർത്താവിനിമയ, മേഖലകളിലുൾപ്പെടെ പിന്നോക്കാവസ്ഥയിലായിരുന്നു. പ്രൈമറി തലം കഴിഞ്ഞാൽ ഹയർസെക്കൻഡറി വിദ്യാഭ്യാസത്തിന് വിദൂര സ്ഥലങ്ങളിലേക്ക് പുഴകടന്നുള്ള യാത്ര വളരെ ദുർഘടമായിരുന്നു. ഉന്നത വിദ്യാഭ്യാസരംഗത്ത് പിന്നോക്കാവസ്ഥക്ക് ഇത് കാരണമായി. ഇത് പരിഹരിക്കുന്നതിന്റെ ഭാഗമായുള്ള മലപ്പട്ടം പ്രദേശത്ത് കാരുടെ ദീർഘകാലത്തെ ആഗ്രഹത്തിനും പരിശ്രമത്തിനു ഫലമായിട്ടാണ് 1981 ൽ മലപ്പട്ടം പഞ്ചായത്തിൽ ഒരു ഗവൺമെൻറ് ഹൈസ്കൂൾ അനുവദിച്ചുകിട്ടിയത്.മലപ്പട്ടത്തെ പരാധീനതകളിൽ നിന്ന് മോചിപ്പിക്കുന്നതിനും പുരോഗതിയിലേക്ക് നയിക്കുന്നതിനും ദീർഘ വീക്ഷണത്തോടുകൂടി പ്രയത്നിച്ച മലപ്പട്ടം സ്വദേശിയും നിയമസഭാഗവുമായ ശ്രീ. എ കുഞ്ഞിക്കണ്ണന്റെ നാമധേയത്തിലാണ് ഈ വിദ്യാലയം അറിയപ്പെടുന്നത്.

സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാതെ തൊട്ടടുത്തുള്ള മദ്രസ കെട്ടിടത്തിലാണ് ഈ സ്കൂൾ പ്രവർത്തനം ആരംഭിച്ചത്.സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലുള്ള ജനങ്ങൾ അധിവസിക്കുന്നതും എന്നാൽ വിദ്യാഭ്യാസ കാര്യത്തിൽ ഏറെ തൽപരരുമായ ഒരു ജനതയാണ് മലപ്പട്ടത്തേത് .ഈ പ്രദേശത്തുകാരുടെ അക്ഷീണമായ പ്രവർത്തനത്തിന്റെയും ത്യാഗത്തിന്റെയും ഭാഗമായി മൂന്ന് ഏക്കർ ഭൂമി സ്കൂളിന് വിട്ടു നൽകുകയുണ്ടായി.നാട്ടുകാരുടെ അശ്രാന്തമായ പരിശ്രമത്തിന്റെ ഫലമായി സ്വന്തമായി ഒരു കെട്ടിടം പണിതുയർത്തി.ഏകാധ്യാപക വിദ്യാലയമായി ആരംഭിച്ച ഈ വിദ്യാലയം പുരോഗതിയുടെ വിവിധ പടവുകൾ പിന്നിട്ടിരിക്കുന്നു. 2000 ത്തിൽ ഈ വിദ്യാലയം ഹയർസെക്കൻഡറി ആയി ഉയർത്തപ്പെട്ടു. രക്ഷിതാക്കളുടെയും നാട്ടുകാരുടെയും സാംസ്കാരിക പ്രവർത്തകരുടെയും കൂട്ടായ്മയിൽ എസ് എസ് എൽ സി ക്ക് മികച്ച വിജയശതമാനം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.നിലവിൽ ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗങ്ങളിലായി 680 വിദ്യാർഥികൾ പഠിക്കുന്നുണ്ട്. ഹയർസെക്കൻറിയിൽ രണ്ടു സയൻസ് ബാച്ചും,കൊമേഴ്സ്,ഹ്യൂമാനിറ്റീസ് എന്നിവ ഓരോ ബാച്ചും ആണുള്ളത്.

**ഭൗതികം:**

നാട്ടുകാരുടെ നിരന്തരമായ ഇടപെടലിന്റെ ഫലമായി ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.അടച്ചുറപ്പുള്ള ക്ലാസ് മുറികളും , ലാബോറട്ടറി, സ്റ്റാഫ് റൂം, ഐടി ലാബ്, ഓഫീസ് റൂം എന്നിവ മികച്ച രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്.സ്പോർട്സ്, ആർട്സ്, കൗൺസിലിംഗ്, ഹെൽത്ത്, എസ് പി സി എന്നിവയ്ക്കും മികച്ച സൗകര്യം ഒരുക്കിയിട്ടുണ്ട്.കളിസ്ഥലം ആധുനികവൽക്കരിക്കുന്നതിന് വേണ്ടി 87 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി ഗവൺമെന്റിലേക്ക് സമർപ്പിച്ചിട്ടുണ്ട്.ആധുനികവൽക്കരണത്തിന്റെ ഭാഗമായി തളിപ്പറമ്പ് എം എൽ എ ശ്രീ.എം.വി ഗോവിന്ദൻ മാസ്റ്റർ അനുവദിച്ച ഒരുകോടി രൂപ ഉപയോഗിച്ച് എച്ച് എസ് , എച്ച് എസ് എസ് കെട്ടിടങ്ങളുടെ മുറ്റവും ,ഗേറ്റ് മുതൽ ഇൻറർലോക്ക് ചെയ്യുകയും 24X24 വലുപ്പത്തിലുള്ള ആധുനിക സ്റ്റേജ് നിർമ്മിക്കുകയും ചെയ്തു.പ്രസ്തുത സ്റ്റേജിന്റെയും അനുബന്ധ പ്രവർത്തികളുടേയും ഉദ്ഘാടനം 2025 ജനുവരി 28 ന് സ്കൂൾ അംഗണത്തിൽ വെച്ച് തളിപ്പറമ്പ നിയോജക മണ്ഡലം എം എൽ എ ബഹു.എം വി ഗോവിന്ദൻ മാസ്റ്റർ നിർവ്വഹിച്ചു. യാത്രക്ലേശം പരിഹരിക്കുന്നതിനായി മുൻ എം.എൽ

ശ്രീ. ജെയിംസ് മാത്യു അനുവദിച്ച ബസ് പൂർണമായും പ്രയോജനപ്രദമാണ്.

ഹയർസെക്കൻഡറി വിഭാഗത്തിൽ നബാർഡിന്റെ സഹായത്തോടുകൂടി ജില്ലാ പഞ്ചായത്ത് അനുവദിച്ച കെട്ടിടമാണ് ഉള്ളത്.അതിന്റെ ഗ്രൗണ്ട് ഫ്ലോർ മാത്രമാണ് നിലവിൽ പണി പൂർത്തിയായത്.പ്ലാൻ അനുവദിച്ചിട്ടുള്ള ഒന്നു രണ്ടു നിലകൾ നിർമ്മിക്കപ്പെട്ടിട്ടില്ല. അതു കൊണ്ടുതന്നെ നിലവിലുള്ള കെട്ടിടത്തിൽ ചില സ്ഥലങ്ങൾ ചോർന്നൊലിക്കുന്ന നിലയാണുള്ളത്.

ഐ സി ടി അധിഷ്ഠിതമായ പഠന ബോധന തന്ത്രങ്ങൾക്ക് ഇന്നത്തെ വിദ്യാഭ്യാസത്തിൽ വളരെയധികം പ്രാധാന്യമുണ്ട്. എന്നാൽ ആവശ്യത്തിന് കമ്പ്യൂട്ടറുകളോ മെച്ചപ്പെട്ട കമ്പ്യൂട്ടർ ലാബോ വിദ്യാലയത്തിന് ഇല്ല . പഠന ബോധന പ്രവർത്തനങ്ങളുടെ നിലവാരം ഉയർത്തുന്നതിന് ഐ സി ടി സൗകര്യങ്ങൾ അത്യാവശ്യമാണ്.

വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനത്തിനും സർഗ്ഗ ശേഷി പരിപോഷിപ്പിക്കുന്നതിനും ഉതകുന്ന തരത്തിൽ വർക്ക് ഷോപ്പുകൾ, ക്യാമ്പുകൾ, കൗൺസിലിംഗ് കരിയർ ഗൈഡൻസ് ക്ലാസുകൾ കൂടാതെ വിഷയാധിഷ്ഠിതമായ പഠന ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നതിന് കടുത്ത പ്രയാസം അനുഭവിക്കുന്നുണ്ട്. അതിനാവശ്യമായ ഹാളുകളോ ഫർണിച്ചർ സൗകര്യങ്ങളോ ഇല്ലാത്തതാണ് ഇതിനു കാരണം.

മക്കളുടെ വിദ്യാഭ്യാസ കാര്യത്തിൽ അതിവതൽപരരായ രക്ഷിതാക്കളും വിദ്യാഭ്യാസ ഉന്നതിയ്ക്ക് വേണ്ടി പ്രയത്നിക്കാൻ തയ്യാറാവുന്ന പൊതുജനങ്ങളും സാംസ്കാരിക പ്രവർത്തകരും , കുടുംബശ്രീ ഉൾപ്പെടെയുള്ള സ്വയം സഹായ സംഘങ്ങളും ഉൾപ്പെടുന്ന വിപുലമായ മനുഷ്യ വിഭവ ശേഷി മലപ്പട്ടത്തുണ്ട്.പക്ഷേ ഭൂരിഭാഗം ജനങ്ങളും കാർഷിക-കാർഷികേതര തൊഴിലുകളെ ആശ്രയിച്ചു ജീവിക്കുന്നതിനാൽ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലാണ് ഈ പ്രദേശം.ആയതിനാൽ പ്രസ്തുത മാനവ വിഭവ ശേഷി കൂടി ഉപയോഗപ്പെടുത്തി ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ ഉൾപ്പെടെ വിവിധ ഗവൺമെൻറ് ഏജൻസികളുടെ ഇടപെടലും പിന്തുണയും വഴി പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കേണ്ടത് അത്യാവശ്യമായി വന്നിരിക്കുന്നു.

## വിദ്യാലയം മികവിന്റെ കേന്ദ്രം :

1. 'മോചനമരുളുന്നത് എന്തോ അതാണ് വിദ്യാഭ്യാസം ' എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെയും 'വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായി ഉള്ള സാംസ്കാരിക പ്രവർത്തനമാണ് ' എന്ന പൗലോ ഫ്രെയറുടെ സിദ്ധാന്തത്തെയും സാക്ഷാത്കരിക്കുന്ന ഇടമായി നമ്മുടെ വിദ്യാലയത്തെ പുതുക്കി പണിയുക.
2. പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ .
3. ശുചിത്വം, ജനാധിപത്യബോധം, മതേതരത്വം തുടങ്ങിയ മൂല്യങ്ങളും , മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
4. പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ,പ്രത്യേക പരിഗണന അർഹിക്കുന്നവർക്കും , അംഗപരിമികൾക്കും പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
5. ലോകത്തെവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജിച്ചതിനെക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.
6. പരിസ്ഥിതി അവബോധത്തോടെ ജീവിക്കാനും വരും തലമുറക്ക് കൈമാറേണ്ട ഭൂമിയിലെ താൽക്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന് അവബോധത്തോടെ പരിസ്ഥിതിയെ

കാത്തുസൂക്ഷിക്കുവാനും വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടികളെ പ്രാപ്തമാക്കൽ.

### പദ്ധതി രൂപീകരണ പ്രക്രിയ

1. എസ് ആർ ജി യോഗത്തിൽ എ കെ ജി എച്ച് എസ് എസ് മലപ്പട്ടം 2030 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും .
2. വികസനാവശ്യങ്ങൾ, ക്ലാസ്സ് വിഷയം, അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപ രേഖ തയ്യാറാക്കൽ.
3. കരട് രൂപരേഖ എസ് ആർ ജി , എസ് എം സി , പി ടി എ , എം പി ടി എ ,എസ് എം ഡി സി , രാഷ്ട്രീയ സംഘടന പ്രതിനിധികൾ, ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, ഗ്രന്ഥാലയ പ്രവർത്തകർ തുടങ്ങിയവർ അടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ .
4. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ .
5.പി ടി എ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി തയ്യാറാക്കൽ.

# നിലവിലെ അവസ്ഥ വിശകലനം :

## അക്കാദമിക നേട്ടങ്ങൾ:

തുടർച്ചയായി എസ് എസ് എൽ സി പരീക്ഷയിൽ 100% വിജയം നിലനിർത്തുന്നു.ജില്ലാ ,സംസ്ഥാന ശാസ്ത്ര ഗണിത ശാസ്ത്ര മേളകളിലെ നിരവധി സമ്മാനങ്ങൾ, കലാമേളകളിൽ ഒന്നാം സ്ഥാനം നേടിയ പഠന പ്രോജക്ട് നമ്മുടെ വിദ്യാലയത്തിന്റെതാണ് എന്ന നേട്ടം ഇവയെല്ലാം ഈ വിദ്യാലയത്തിന്റെ നിരവധി മികവുകളിൽ ചിലത് മാത്രമാണ്.എസ് പി സി , ജെ ആർ സി ,ലിറ്റിൽ കൈറ്റ്സ് എന്നിവ ഈ വിദ്യാലയത്തിനെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്നതിൽ മികച്ച പങ്കുവഹിക്കുന്നു.

## അക്കാദമിക പരിമിതികൾ :

ഒറ്റപ്പെട്ട് കിടക്കുന്ന വിദൂര ഗ്രാമമായ മലപ്പട്ടത്തിലെ വിദ്യാർഥികൾക്ക് ഉന്നത പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനും അവരുടെ ആരോഗ്യ മാനസിക നിലവാരം ഉയർത്തുന്നതിനുള്ള ഒരു പരിശീലന കേന്ദ്രം ഇവിടെയില്ല എന്നത് ഒരു ന്യൂനതയാണ്.അതിനാൽ ഒരു മികച്ച റഫറൻസ് സെൻറർ , മൾട്ടിമീഡിയ സെൻറർ , വിവര വിജ്ഞാന പരിശീലന കേന്ദ്രം എന്നിവ ആരംഭിക്കേണ്ടതുണ്ട്.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതീകം | സാമൂഹികം |
|---|---|---|
| * ഭാഷാശേഷി വികസനം<br>* ഗണിതശേഷി വികസനം<br>* ഇംഗ്ലീഷ് പഠന പരിപോഷണം<br>* ശാസ്ത്ര പോഷണ പരിപാടി<br>* വായന പരിപോഷണം<br>* ലൈബ്രറി ശാക്തീകരണം<br>* ലാബോറട്ടറി<br>ആധുനികവൽക്കരിക്കൽ<br>* പ്രതിഭ പോഷണ പരിപാടി<br>* നാടക കളരി<br>* ജൈവവിദ്യ പാർക്ക്<br>* സാഹിത്യ പോഷണ പരിപാടികൾ<br>* പഠനയാത്രകൾ<br>* സെമിനാറുകൾ<br>* കലാകായിക മേള<br>* ഐടി പരിശീലനം<br>* അധ്യാപക ശാക്തീകരണ പരിപാടി.<br>* ക്ലാസ് പിടിഎ സജീവമാക്കൽ<br>* സ്കൂൾ പത്രം / മാസിക<br>* പ്രവർത്തി പരിചയ പഠനം<br>* എസ്.ആർ.ജി ശാക്തീകരണം<br>* ശാസ്ത്രാഭിരുചി വളർത്തൽ<br>* പച്ചക്കറി തോട്ടം<br>* രചനാശില്പശാല<br>* അഭിമുഖങ്ങൾ<br>* മെഡിക്കൽ ക്യാമ്പ്<br>* പോഷകാഹാര പരിപാടി<br>* ഗണിത , ഗണിതാന്തരീക്ഷം ഒരുക്കൽ<br>*ഭാഷാ ലാബ്<br>* ബ്ലോഗ്<br>* ടേം മൂല്യനിർണയം, നിരന്തര<br>വിലയിരുത്തൽ<br>* ദിനാചരണം<br>* കായിക പഠനം<br>* ഗവേഷണാത്മക പ്രവർത്തനങ്ങൾ<br>* റേഡിയോ മലപ്പട്ടം<br>* കരാട്ടെ/ കളരി പരിശീലനം<br>* യോഗ | * ചുറ്റുമതിൽ, ഗേറ്റ്<br>* കളിസ്ഥലം<br>* ക്ലാസ് മുറികൾ<br>* ഓഫീസ് മുറി<br>* സ്റ്റാഫ് മുറി<br>* വിശ്രമമുറി<br>* കമ്പ്യൂട്ടർ റൂം<br>* മൾട്ടിമീഡിയ റൂം<br>* ലൈബ്രറി<br>* അടുക്കള<br>* ഡൈനിങ് ഹാൾ<br>* അസംബ്ലി ഹാൾ<br>* കുടിവെള്ള<br>വിതരണം<br>* മാലിന്യ സംസ<br>കരണം<br>* ടോയ്‌ലറ്റ്<br>* ലാബോറട്ടറി<br>* ജന്മദിനത്തിൽ<br>ഒരു പുസ്തകം<br>* ചിത്രരചന<br>* ചിത്രരചന<br>* എന്റെ വീട്ടിലും<br>ഒരു കൃഷിത്തോട്ടം<br>* ഭാഷോത്സവം<br>* ഗണിതോത്സവം<br>* ഗണിത<br>ശില്പശാല<br>* എൻെറ മരം<br>പദ്ധതി<br>* എൻെറ മഴക്കുഴി<br>* നീന്തൽകുളം<br>* ജിംനേഷ്യം | * പി ടി എ<br>ശക്തിപ്പെടുത്തൽ<br>*എസ്.എം,എസ്.എം.ഡി<br>സി കാര്യക്ഷമമാക്കൽ<br>* വിദ്യാലയ വികസന<br>സമിതി<br>* പൂർവ്വ വിദ്യാർത്ഥി<br>സംഘടനയുടെ<br>പ്രവർത്തനം<br>* എസ് എസ് ജി<br>* എസ് എസ് ജി ബന്ധം<br>* ഗ്രന്ഥശാലകൾ,<br>ക്ലബ്ബുകൾ, സന്നദ്ധ<br>സംഘടനകൾ ,<br>വിദ്യാഭ്യാസപ്രവർത്തകർ<br>, പൂർവ്വാദ്ധ്യാപകർ,<br>സഹകരണസ്ഥാപനങ്ങൾ,<br>സ്വാശ്രയ സംഘടനകൾ,<br>കുടുംബശ്രീ<br>എന്നിവയുടെ സേവനം<br>പ്രയോജനപ്പെടുത്തൽ.<br>* ക്ലാസ് പിടിഎ<br>മാതൃകാപരമാക്കുന്നതിനുള്ള<br>നടപടികൾ .<br>* വിദ്യാലയ മികവുകൾ<br>പൊതുസമൂഹവുമായി<br>പങ്കിടൽ<br>* വിദ്യാലയ വിഭവങ്ങൾ<br>പൊതു സമൂഹത്തിന്<br>കൂടി<br>പ്രയോജനപ്പെടുത്തൽ .<br>* റിസോഴ്സ് മാപ്പിംഗ്<br>* പൊതുസമൂഹത്തിന്<br>അവധി ദിവസങ്ങളിൽ<br>കമ്പ്യൂട്ടർ പരിശീലനം.<br>* പഠനക്കൂട്ടം<br>* ഗൃഹസനം<br>* കോർണർ പി ടി എ |

# മികവുകൾ,നേട്ടങ്ങൾ

| **നടപ്പ് വർഷം** | |
|---|---|
| * സ്കൂൾ മേറ്റ്സ്, ഇംഗ്ലീഷ് ബുള്ളറ്റ്<br>* പ്രാദേശിക പി ടി എ യോഗങ്ങൾ<br>* കഴിഞ്ഞ കുറേ വർഷങ്ങളായി എസ് എസ് എൽ സി ക്ക് 100% വിജയം<br>* 50% മുകളിൽ A+ കൈവരിക്കുക.<br>* കരാട്ടെ പരിശീലനം<br>* മുഴുവൻ കുട്ടികളുടെയും ഭവന സന്ദർശനം<br>* പഠന കൂട്ടങ്ങൾ<br>* പി ടി എ<br>* വിജ്ഞാനോത്സവം ആസൂത്രണ ശില്പശാല<br>* പച്ചക്കറി തോട്ടം<br>* സ്കൂൾ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ<br>* എസ് പി സി, ജെ ആർ സി ,ഗൈഡ്സ് എന്നിവയുടെ പ്രവർത്തനം<br>* പഠന യാത്ര<br>* ദക്ഷിണേന്ത്യൻ ഗണിതശാസ്ത്രമേള -ഒന്നാം സ്ഥാനം | **മുൻവർഷം**<br>* വായനയുടെ മാമ്പഴക്കാലം<br>* വിദ്യാരംഗം ശില്പശാല<br>* സ്കൂൾ ബസ്<br>* പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ<br>* ഇംഗ്ലീഷ് ഫെസ്റ്റ്<br>* സ്കൂൾ മാഗസിൻ<br>* ഇൻറർനാഷണൽ ചിൽഡ്രൻസ് ഫെസ്റ്റ്<br>* പഠന യാത്ര<br>* എസ് പി സി ,ജെ ആർ സി , ഗൈഡ്സ് ,എൻ എസ് എസ് രൂപീകരണം |

# അക്കാദമിക മാസ്റ്റർ പ്ലാൻ എച്ച് എസ്

## പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് ക്ലാസ്സ് | അക്കാദമിക മാസ്റ്റർ പ്ലാൻ എച്ച് എസ് പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. മധുരം മലയാളം | മാതൃ ഭാഷയിൽ പ്രാവീണ്യം നേടുക | 8,9,10 ക്ലാസുകൾ | 1.അക്ഷരബോധം ഊട്ടിയുറപ്പിക്കുക, ചിഹ്നങ്ങൾ, അക്ഷരങ്ങൾ എന്നിവ ഉറപ്പിക്കുക.<br>2.ക്ലാസ് ലൈബ്രറി,സ്കൂൾ ലൈബ്രറി എന്നിവ ഉപയോഗപ്പെടുത്തൽ .<br>3.വായനാ ക്കുറിപ്പ് തയ്യാറാക്കൽ.<br>4.പുസ്തക ചർച്ച<br>5.ആസ്വാദനക്കുറിപ്പ് നിരൂപണം, ലേഖനം (ക്ലാസ് റൂം ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് പതിപ്പ് നിർമ്മാണം - മാസിക)<br>6.സർഗാത്മക രചനകൾ ഉൾപ്പെടുത്തി പുസ്തക പ്രസിദ്ധീകരണം.<br>7.പത്രം തയ്യാറാക്കൽ (സ്കൂളിലെ അധ്യായന വർഷം നടത്തുന്ന പരിപാടികൾ ഉൾപ്പെടുത്തി ) മാസത്തിൽ, വർഷത്തിൽ | ജൂൺ- ഫെബ്രവരി | എസ്. ആർ. ജി കൺവീനർ മലയാളം അധ്യാപകർ | പുസ്തക പ്രസിദ്ധീകരണം 10000 |

## 2. master plan- English

| Aim | Target group | activity | duration | charge |
|---|---|---|---|---|
| 1. Enhance LSRW skills in children | 8,9,10 class | 1. conduct English assembly | June- February | Class teacher, English teacher |
| | | 2. Diary writing | June- February | English teacher |
| | | 3. Speech | June- February | English teacher |
| | | Providing English books | June- Febru- ary | English teacher librarian |
| | | 4. Role Play | | |
| | | 5. English Fest | | |

| ക്രമ | ലക്ഷ്യം | ടാർജറ്റ് | അക്കാദമിക മാസ്റ്റർ | കാലയളവ് | ചുമതല | സാമ്പ |
|---|---|---|---|---|---|---|
| 3.ഗണിതം മധുരം | ഗണിതത്തിന്റെ അടിസ്ഥാന ശേഷികൾ നേടുക, ഗണിതം ആസ്വാദ്യകരമാക്കുക. | 8,9,10 ക്ലാസുകൾ | 1.ഏകദിന ക്യാമ്പുകൾ, ശില്പശാലകൾ, ഗണിത കേളികൾ, നിർമ്മിതി, ഗണിത മാഗസിൻ , പ്രൊജക്ടിൽ ഗണിത ശാസ്ത്രമേളയിലെ മികച്ച പങ്കാളിത്തം. 2.ഗണിതശാസ്ത്ര ക്ലബ്ബ് രൂപീകരണം, കുസൃതി കണക്കുകൾ പരിചയപ്പെടുത്തൽ , എല്ലാ ദിവസവും ഒന്നോ രണ്ടോ വീതം ഏകദിന ക്യാമ്പ് -ആഗസ്റ്റ് | ജൂൺ- ഡിസംബർ | ഗണിത ശാസ്ത്ര അധ്യാപകർ | ക്യാമ്പുകൾ, ശാസ്ത്ര മേള 2500 |

| ക്രമ | ലക്ഷ്യം | ടാർജറ്റ് | അക്കാദമിക മാസ്റ്റർ | കാലയളവ് | ചുമതല | സാമ്പ |
|---|---|---|---|---|---|---|
| | | | 3.ഗണിത ക്വിസ് മത്സരങ്ങൾ . മാസത്തിൽ ഒന്ന് വീതം<br><br>4.കുട്ടികളിലൂടെയുള്ള ഗണിത പഠനം, അടിസ്ഥാനശേഷികൾ ഉറപ്പാക്കൽ കഴിയുന്ന വിധത്തിൽ യൂണിറ്റുമായി ബന്ധപ്പെടുത്തി - ആഴ്ചയിൽ ഒരു മണിക്കൂർ | | | |

## ഗണിതം

**പൊതു ലക്ഷ്യങ്ങൾ:**

* വിദ്യാർഥികളിൽ ഗണിത പഠനത്തോട് അനുകൂലമായ മനോഭാവം ജനിപ്പിക്കുക.

* പ്ലസ്,പ്ലസ് ടു ക്ലാസുകളിൽ ഗണിത പഠനത്തിലൂടെ നേടേണ്ട ശേഷികൾ വിദ്യാർത്ഥികൾ നേടുന്നുണ്ടെന്ന് .

*സമർത്ഥരായ ഗണിത വിദ്യാർഥികൾക്ക് പ്രോത്സാഹനം നൽകുന്നു.

* വിദ്യാലയത്തിൽ ഗണിത പഠനകൂലമായ സാഹചര്യം ഒരുക്കുക.

* ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഉയർന്ന ഗ്രേഡോടെ വിജയിപ്പിക്കുന്നതിനുള്ള സാഹചര്യം .

* ശാസ്ത്ര ഗണിതത്തിൽ വിദ്യാർത്ഥികൾക്കായി ക്യാമ്പുകളും പ്രത്യേക പരിശീലനങ്ങളും നടത്തുക.

*ഗണിത വായന പ്രോത്സാഹിപ്പിക്കുക

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് ക്ലാസ്സ് | അക്കാദമിക മാസ്റ്റർ പ്ലാൻ എച്ച് എസ് പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 4.ആരോഗ്യമുള്ള കൗമാരം | കൗമാരത്തിലെ വിഹ്വലതകളകറ്റി ആരോഗ്യമുള്ള മനസ്സും ശരീരവും വളർത്തിയെടുക്കുക. | 8,9,10 ക്ലാസുകൾ | 1.കുട്ടികളുടെ കായിക ശേഷികൾ കണ്ടെത്തൽ (ഇനം തിരിച്ച് )<br>2.ആവശ്യമായ ഗ്രൂപ്പുകൾ, ടീമുകൾ എന്നിവ രൂപീകരിക്കൽ<br>3.മികച്ച പരിശീലനത്തിനുള്ള മോഡ്യൂൾ തയ്യാറാക്കൽ<br>4.കായിക ഉപകരണങ്ങൾ വാങ്ങിക്കൽ / ശേഖരിക്കൽ<br>5.ഓരോ തെരഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പിനും മികച്ച പരിശീലനം നൽകി സബ്ജില്ല /ജില്ലാ മത്സരങ്ങൾക്ക് ഒരുക്കൽ.<br>6.കായികമേളകൾ സംഘടിപ്പിക്കൽ ഉൾപ്പെടുത്തി ) മാസത്തിൽ, വർഷത്തിൽ<br>7.ആരോഗ്യ /കായിക, വിദ്യാഭ്യാസ ക്യാമ്പുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കൽ | ജൂൺ-ഫെബ്രുവരി | കായിക അധ്യാപകൻ | കായികമേളകൾ കളി ഉപകരണങ്ങൾ വാങ്ങിക്കുക 25000 |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് ക്ലാസ്സ് | അക്കാദമിക മാസ്റ്റർ പ്ലാൻ എച്ച് എസ് പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 5.അധ്യാപകരും മികവിന്റെ കേന്ദ്രങ്ങളും | അധ്യാപക ശാക്തീ കരണം മികച്ച പരിശീലനം | 8,9,10 ക്ലാസുകൾ | 1.ഡിപ്പാർട്ട്മെൻറ് നടത്തുന്ന പരിശീലന പരിപാടികളിൽ സാന്നിധ്യം ഉറപ്പു വരുത്തുക.<br>2.പ്രവർത്തന മികവ് തെളിയിച്ച വിദ്യാലയങ്ങൾ സന്ദർശിക്കുക.<br>3.ചർച്ചകൾ<br>4.സബ്ജക്ട് കൗൺസിൽ ശാക്തീകരണം.<br>5.സ്വീകരിക്കാവുന്ന വ്യത്യസ്ത പ്രവർത്തന മാതൃകകൾ കണ്ടെത്തൽ .<br>6.ഐ ടി സംബന്ധമായ കാര്യങ്ങളിൽ മികവ് നേടൽ<br>7.എസ്. ആർ ജി ശാക്തീകരണം<br>8. ടീം ടീച്ചിംഗ്<br>9.അധ്യാപകരുടെ സ്വയം വിലയിരുത്തൽ / അക്കാദമിക നിലവാരം മെച്ചപ്പെടുത്തൽ . | അക്കാദമിക വർഷത്തിൽ ആദ്യം | കോർ ഡി നേറ്റർ, പ്രഥമ അധ്യാപകൻ | 3000 |
| 6.ഹിന്ദി | 1. ഹിന്ദി ഭാഷ സ്വന്തമായി വായിക്കാനും ആശയങ്ങൾ എഴുതി ഫലിപ്പി ക്കാൻ ഉള്ള പ്രാവീണ്യം നേടുക. | ക്ലാസ്സ് 8 | വാക്കുകളുടെയും വാക്യങ്ങളുടെയും ചെറിയ കുറിപ്പുകളുടെയും വായനയും എഴുത്തും പരിശീലിപ്പിക്കുക. | ജൂൺ -ഓഗസ്റ്റ് | അധ്യാപിക | |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് ക്ലാസ്സ് | അക്കാദമിക മാസ്റ്റർ പ്ലാൻ എച്ച് എസ് പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| | 2.ഹിന്ദിയിൽ സംഭാഷണം തയ്യാറാക്കുക | ക്ലാസ് 9 | പരിചിതമായ ജീവിത സന്ദർഭങ്ങളിലൂടെ ചെറിയ സംഭാഷണങ്ങൾ സ്വയം തയ്യാറാക്കുക. | ജൂൺ -ഓഗസ്റ്റ് | അധ്യാപിക | |
| | 3.കവിതയുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക | ക്ലാസ് 10 | ചെറിയ കവിതകളിലൂടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക<br>പാഠ പുസ്തകത്തിലെ കവിതകളുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. | ജൂൺ-ഓഗസ്റ്റ് | അധ്യാപിക | |
| 7. | 10% ത്തെ കുട്ടി ശാസ്ത്രജ്ഞരാക്കുക. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | 8,9,10 ക്ലാസുകൾ | 1.ലഘുപരീക്ഷണങ്ങൾക്ക് അവസരം ഒരുക്കുക<br>2. ലാബ് നവീകരണം. എല്ലാ കുട്ടികളെയും ലാബിലെത്തിക്കൽ<br>3.ശാസ്ത്ര പ്രോജക്ടുകൾ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച്<br>4. ശാസ്ത്ര മാഗസിനുകൾ തയ്യാറാക്കൽ.<br>5. വി ദഗ്ദ്ധരുടെ ക്ലാസുകൾ സംഘടിപ്പിക്കൽ | ജൂൺ മുതൽ ജനുവരി വരെ | ശാസ്ത്ര അധ്യാപകർ ശാസ്ത്ര മേഖലയിലെ വിദഗ്ധർ | 5000 |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് ക്ലാസ്സ് | അക്കാദമിക മാസ്റ്റർ പ്ലാൻ എച്ച് എസ് പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| ൮ | പാഠ്യാനുബന്ധ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | എസ് പി സി ,ജെ. ആർ.സി, ഗൈഡ്സ്, കരാട്ടെ ഗ്രൂപ്പ് | 1.കുട്ടികളുടെ തെരഞ്ഞെടുപ്പ്, യൂണിഫോം തയ്യാറാക്കൽ<br>2.മികച്ച പരിശീലനം<br>3.സേവന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിക്കൽ<br>4.സ്കൂളിലെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകൽ. | ജൂൺ മുതൽ മാർച്ച് വരെ | കോർഡിനേറ്റർമാർ അതതു വിഭാഗത്തിലെ ചുമതയുള്ള അധ്യാപകർ | 20000 |
| ൯ | എസ് എസ് എൽ സി ഉന്നത വിജയം. 50% മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടുക | 10 –ാം ക്ലാസ് | 1. പ്രീ ടെസ്റ്റുകൾ, പരിഹാരബോധനം<br>2.സമയബന്ധിതരായി പാഠഭാഗം പൂർത്തീകരിക്കൽ .എസ് ആർ ജി ക്ലാസ് തല റിസോഴ്സ് ഗ്രൂപ്പുകൾ)<br>3.ഡിസംബർ മാസ അവസാനത്തോടെ പാഠഭാഗങ്ങൾ പൂർത്തീകരിക്കൽ<br>4.വിദഗ്ധരുടെ ക്ലാസുകൾ<br>5.പഠന ക്യാമ്പുകൾ<br>6.കുട്ടികൾക്കും രക്ഷിതാക്കൾക്കും ഉള്ള കൗൺസിലിംഗ് ക്ലാസുകൾ .<br>7.വായന കളരി, ആധുനിക പരിശീലനം, ലഘുഭക്ഷണം നൽകൽ.<br>8.കുട്ടികളെ അധ്യാപകർക്ക് വിഭജിച്ചു നൽകൽ<br>9. ഗൃഹ സന്ദർശനം<br>10.കോർണർ പി ടി എ<br>11. പ്രോത്സാഹനങ്ങൾ | വർഷം തോറും, ജൂൺ മുതൽ മാർച്ച് വരെ | എച്ച് എം, എസ്ആർജി കൺവീനർ, അതത് വിഷയങ്ങളുടെ അദ്ധ്യാപകർ | 10000 |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗൂപ്പ് ക്ലാസ്സ് | അക്കാദമിക മാസ്റ്റർ പ്ലാൻ എച്ച് എസ് പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 9.ബയോളജി | 1.പരിസ്ഥിതി സംരക്ഷണ അവബോധം വളർത്തൽ കൃഷി - മേന്മകൾ | 8,9,10 | ഇക്കോ ക്ലബ്ബ് രൂപീകരണം, ഫീൽഡ് ട്രിപ്പ്,വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കൽ, പച്ചക്കറിത്തോട്ട നിർമ്മാണം,പരിസര ശുചീകരണം, പകർച്ചവ്യാധി തടയൽ, സംയോജിത കൃഷി മേന്മകൾ മനസ്സിലാക്കുന്ന പ്രവർത്തനങ്ങൾ, നേഴ്സറി പരിപാലനം, വിവിധ കൃഷിരീതികൾ പരിചയപ്പെടൽ, ഫീൽഡ് ട്രിപ്പ് | മൂന്നു മാസം | ഇക്കോ ക്ലബ്ബ് അധ്യാപകർ | 10000 |
| | 2.ആരോഗ്യ ബോധവൽക്കരണം | 8,9,10 | ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ് , പോസ്റ്റർ പ്രദർശനം, പരമ്പരാഗത ഭക്ഷണശീലങ്ങൾ തിരിച്ചറിഞ്ഞ് ജീവിതത്തിൽ അനുവർത്തിക്കാനുതകുന്ന പ്രവർത്തനങ്ങൾ, ആധുനിക ഭക്ഷണരീതിയും പരമ്പരാഗത ഭക്ഷണ രീതിയും താരതമ്യ പഠനം. ദത്ത ശേഖരണം വിദഗ്ധ ക്ലാസ് സെമിനാർ | മൂന്നു മാസം | ആരോഗ്യ ക്ലബ് | 2000 |

| ക്രമ നമ്പർ | പദ്ധതികൾ | പ്രവർത്തനം | കാലാവധി | ഭൗതിക ആവശ്യ കത | പിന്തു ണ | ധന കാര്യം |
|---|---|---|---|---|---|---|
| 10.ഫിസിക്കൽ സയൻസ് | 1.ലാബ് ശാക്തീകരണം | പരീക്ഷണശാലയിൽ ഫിസിക്സ് , കെമിസ്ട്രി ,മാത് സ് ,ബയോളജി വിഭാഗങ്ങളായി വേർതിരിച്ചു ലാബ് ലിംഗ് ചെയ്ത് ക്രമീകരിക്കുന്നു. | ഒരു മാസം | | സയ ൻസ് ടീച്ചർ | |
| | 2.ശാസ്ത മനോഭാവം, അഭിരുചി എന്നിവ വളർത്തൽ | ശാസ്ത്ര ദിനാചരണങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജന്മദിനം ആചരിക്കൽ ,ശാസ്ത്രജ്ഞരുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ,ലഘു പരീക്ഷണങ്ങൾ | 2 മാസം | | സയ ൻസ് ടീച്ചർ | |
| | 3.10 ലെ ജസാന്ദ്രത്തിലെ മോൾ സങ്കല്പനം എന്ന ആശയം ഉറപ്പിക്കാൻ. | 25 സംയുക്തങ്ങളുടെ രാസവാക്യം, തന്മാത്ര മാസ്സ് , മോളുകളുടെ എണ്ണം , മോളാർ വ്യാപ്തം എന്നിവ കണ്ടെത്താൻ. വർക്ക് ഷീറ്റ് | ഒരു മാസം | | സയ ൻസ് ടീച്ചർ | |
| | 4. 10 ലെ ഭൗതിക ശാസ്ത്രവുമായി ബന്ധപ്പെട്ട് എൽ ഇ ഡി ലാമ്പ് നിർമ്മാണം. | ഉപയോഗശൂന്യമായ എൽ ഇ ഡി ലാമ്പുകളിൽ നിന്നും ഭാഗങ്ങൾ തിരിച്ചറിയാൻ. പുനർനിർമ്മിക്കാൻ. | രണ്ടു മാസം | | സയ ൻസ് ടീച്ചർ | |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ഭൗതിക സാഹചര്യങ്ങൾ | ധന കാര്യം | പിന്തുണ |
|---|---|---|---|---|---|---|
| 11.സോഷ്യൽ സയൻസ് | 1.സാമൂഹ്യ പാഠബോധം കുട്ടികൾ ആർജിച്ചിട്ടുണ്ടോ എന്നറിയൽ | പ്രീ- ടെസ്റ്റ് നടത്തൽ<br>അടിസ്ഥാന ശേഷി വികസന ശില്പശാല<br>അധ്യാപക ശക്തികരണം<br>ക്വിസ് മത്സരങ്ങൾ | ജൂൺ -ജൂലൈ | ചോദ്യ പേപ്പർ ഹാൾ ട്രെയിനിങ്ങ് റിസോഴ്സസ് മോഡ്യൂൾ | 5000 | എസ്. എസ്. ജി |
| | 2.സാമൂഹ്യ ശാസ്ത്ര പഠനം ആസ്വാദ്യ കരമാക്കൽ | മണ്ണ് പ്രദർശനം<br>ശിലകൾ പ്രദർശനം<br>പ്രാദേശിക ചരിത്ര രചന<br>ഡിബേറ്റുകൾ<br>ഫീൽഡ് ട്രിപ്പ്<br>പ്രകൃതിയെ അറിഞ്ഞ് സാമൂഹ്യശാസ്ത്ര പഠനം<br>കാടിനെ അറിയൽ<br>മഴയെ അറിയൽ<br>കൃഷി അറിയൽ<br>ഗ്രാമം അറിയൽ<br>പഠനോപകരണ നിർമ്മാണം | ജൂലൈ ആഗസ്ത് | പ്രദർശന വസ്തുക്കൾ ഒരുക്കൽ സ്കൂൾ ബസ് അല്ലെങ്കിൽ മറ്റ് യാത്രാ സംവിധാനം | 20000 | എസ് എസ് ജി സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| | 3.സാമൂഹ്യ പ്രതിബദ്ധതയുള്ള, സാമൂഹ്യ ബോധമുള്ള വിദ്യാർത്ഥികളെ രൂപപ്പെടുത്തൽ | നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി പൗരബോധ ശില്പശാല.<br>സാമൂഹ്യ സേവന പ്രവർത്തനങ്ങൾ<br>പാലിയേറ്റീവ് | ആഗസ്റ്റ് മുതൽ ഡിസംബർ വരെ | സ്കൂൾ ബസ് മറ്റ് യാത്ര സൗകര്യം വിദഗ്ധരുടെ സേവനം ട്രെയിനേഴ്സ് | 15000 | സോഷ്യൽ ക്ലബ്ബ് PTA MPTA |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ഭൗതിക സാഹച ര്യങ്ങൾ | ധന കാര്യം | പിന്തു ണ |
|---|---|---|---|---|---|---|
| | പ്രവർത്തനങ്ങൾ ജനസംരക്ഷണ പ്രവർത്തനം പ്ലാസ്റ്റിക്കിനെ തിരെയുള്ള പ്രവർത്തനങ്ങൾ മത മൈത്രി സംഗമം | | | | | |
| | 4.സാമൂഹ്യ ശാസ്ത്ര പഠനത്തിൽ വിവരസാങ്കേതിക വിദ്യയുടെ ഉപയോഗം | ജോഗ്രഫി പഠന സോഫ്റ്റ്വെയർ പരിചയപ്പെടുത്തൽ സോഷ്യൽ പ്രൊജക് റും പ്ലാനറ്റോറിയം വിസിറ്റ് വാനനിരീക്ഷണം | വർഷം മുഴുവൻ | ഐ സി ടി സൗകര്യ ങ്ങൾ | 2500 | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| | 5.സാമൂഹ്യ ശാസ്ത്ര പഠനം സ്റ്റാർട്ടേക്കൽ | ചരിത്ര കോൺഗ്രസ് കടലോര യാത്ര സ്കൂൾ സോഷ്യൽ സയൻസ് തിയറ്റർ ചരിത്ര സിനിമ പ്രദർശനം | വർഷം മുഴുവൻ | ഐസിടി സൗകര്യ ങ്ങൾ ചരിത്ര സിനിമകൾ | 30000 | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ഭൗതിക സാഹചര്യങ്ങൾ | ധന കാര്യം | പിന്തുണ |
|---|---|---|---|---|---|---|
| | 6.രാഷ്ട്ര വികസനത്തിന്റെ ഭാഗമാക്കാവുന്ന പൗരനെ രൂപപ്പെടുത്തൽ | ദേശീയ ദിനാചരണങ്ങൾ<br>മോഡൽ പാർലമെൻറ്<br>ടേബിൾ ടോക്ക്<br>ചാനൽ ചർച്ച<br>ബാല പഞ്ചായത്ത്<br>ക്ലാസ് സഭകൾ<br>ഇന്നത്തെ ചിന്താവിഷയം | ജൂൺ മുതൽ ഫെബ്രുവരി | പത്രങ്ങൾ<br>വിശിഷ്ട വ്യക്തികൾ<br>പ്രഗൽഭർ | 5000 | പി.ടി.എ |
| | 7.സാമൂഹ്യശാസ്ത്ര വിജ്ഞാന കോശം തയ്യാറാക്കൽ | വിവരശേഖരണം (ഗ്രൂപ്പ് അടിസ്ഥാനത്തിൽ )<br>അഭിമുഖങ്ങൾ<br>റഫറൻസ്<br>ശില്പശാല<br>പ്രിന്റിംഗ് | ജൂൺ മുതൽ ഡിസംബർ | ചരിത്ര കാരന്മാർ<br>ചരിത്ര അധ്യാപകർ | 10000 | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്<br>പിടിഎ |

**പ്രവർത്തനത്തിന്റെ പേര് : കായിക പരിശീലനം**
**ഉപമേഖല : അക്കാദമികം/കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമം ആക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം കുട്ടികൾക്ക് ഭക്ഷണം നൽകൽ | ആഴ്ചയിൽ മൂന്ന് ദിവസം | പിടിഎ കായിക അധ്യാപകൻ | 10000 (സ്പോൺസർഷിപ്പ്) |

**പ്രവർത്തനത്തിന്റെ പേര് : കായിക താരങ്ങൾക്ക് അവാർഡ്/ സമ്മാനങ്ങൾ**
**ഉപമേഖല : അക്കാദമികം/കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവാർഡ്/ സമ്മാനം നൽകി ആദരിക്കൽ | സ്കൂൾതലം, ഉപജില്ലാതലം, സംസ്ഥാനതലം വിജയികൾക്ക് ക്യാഷ് അവാർഡും മൊമെന്റോയും നൽകൽ | ഓരോ തലത്തിലെയും മത്സരങ്ങൾക്ക് ശേഷം | എച്ച് എം കായികാ ധ്യാപകൻ | 5000 (സ്പോൺസർഷിപ്പ്) |

**പ്രവർത്തനത്തിന്റെ പേര് : മെഡിക്കൽ ക്യാമ്പ്**
**ഉപമേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ മുള്ള സമൂ ഹത്തെ രൂപ പ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശോധന നടത്തൽ | വർഷത്തിൽ ഒന്ന് വീതം | എച്ച് എം പി ടി എ | 10000 (പി.ടി.എ) |

**പ്രവർത്തനത്തിന്റെ പേര് : പച്ചക്കറി തോട്ടം**
**ഉപമേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ് കൃതിയെ വീണ്ടെ ടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | എസ് ആർ ജി എസ് എസ് ജി | 5000 (കൃഷി വകുപ്പ്) |

**പ്രവർത്തനത്തിന്റെ പേര് : ജൈവവൈവിധ്യ പാർക്ക്**
**ഉപമേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്ത റിയാൻ അവസരം ഒരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | എസ് ആർ ജി | 25000 (എസ് എസ് എ) |

**പ്രവർത്തനത്തിന്റെ പേര് : ക്ലാസ് പി ടി എ സജീവമാക്കൽ**
**ഉപമേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെട ുത്തൽ | ക്ലാസ് പി ടി എ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠന പുരോഗതി പരിശോധിക്കൽ , മികവുകളുടെ അവതരണം, പൊതു ചർച്ച ഉണ്ടാവണം. | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | |

**പ്രവർത്തനത്തിന്റെ പേര് : പോഷകാഹാര പരിപാടി**

**ഉപമേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ മുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്തമായ മെനു വെച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ. | എല്ലാ പ്രവർത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണം ചുമതലയുള്ള ടീച്ചർ, എച്ച് എം, പി ടി എ | 50000 (സി എസ് ആർ ഫണ്ട്) |

**പ്രവർത്തനത്തിന്റെ പേര് : കൊളാഷ്**

**ഉപമേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ബാല സാഹിത്യ മാസികകളെ ഫലപ്രദമായി ഉപയോഗി ക്കൽ | വായിച്ചു കഴിഞ്ഞ ബാലസാഹിത്യ വാരികളിലേയും മാസികളിലെയും ചിത്രങ്ങൾ ഒരു പേപ്പറിന്റെ മുകൾഭാഗത്തായി ഒട്ടിക്കുന്നു. ഇതിനെ അനുയോജ്യമായ അടിക്കുറിപ്പ്, കവിത, കഥ വിവരണം എന്നിവ എഴുതിച്ചേർത്ത് വർക്ക് ഷീറ്റ് തയ്യാറാക്കൽ. | മാസത്തിൽ രണ്ട് പ്രാവശ്യം | എസ് ആർ ജി | |

**പ്രവർത്തനത്തിന്റെ പേര് : വായനയുടെ മാമ്പഴക്കാലം**
**ഉപമേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന ശേഷി സർഗ്ഗ ശേഷി പരി പോഷണം | മധ്യ വേനലവധിക്കാലത്ത് വിദ്യാർത്ഥികൾ പുസ്തകങ്ങൾ വായിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ. | മധ്യവേനൽ അവധി ക്കാലം | ഭാഷാ ധ്യാപകർ | |

**പ്രവർത്തനത്തിന്റെ പേര് : വായനയുടെ മാമ്പഴക്കാലം**
**ഉപമേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമഗ്ര പോർട്ട ലിലേക്ക് പരമാവധി പ്രവർത്തന ങ്ങൾ കൂട്ടി ച്ചേർക്കൽ | സ്കൂളിന്റെ പോർട്ടലായ സമഗ്രയിലേക്ക് വിഭവങ്ങൾ കൂടി ചേർക്കുന്നതിനായി എസ് ആർ ജിയുടെ നേതൃത്വത്തിൽ ഓരേ വിഷയം പഠിക്കുന്ന അധ്യാപകർ ഒരുമിച്ചിരുന്ന് പ്രവർത്തനങ്ങൾ കണ്ടെത്തൽ . സമയ ലഭ്യതക്കനുസരിച്ച് പോർട്ടലിൽ അപ് ലോഡ് ചെയ്യൽ. | ഒരോ ടേമിലും ഒരു പ്രാവശ്യം | എസ് ആർ ജി | 25000 (എസ് എസ് എ) |

**പ്രവർത്തനത്തിന്റെ പേര് : മാലിന്യമുക്ത വിദ്യാലയം**
**ഉപമേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ. | 2 വർഷം | എച്ച് എം ക്ലാർക്ക് എസ് ആർ ജി കൺവീനർ | 5 ലക്ഷം (സി എസ് ആർ ഫണ്ട്) |

**പ്രവർത്തനത്തിന്റെ പേര് : ബയോഗ്യാസ് പ്ലാൻറ്**
**ഉപമേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ | വിദ്യാലയത്തിൽ ഉണ്ടാകുന്ന ജൈവമാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് പാചകത്തിന് ആവശ്യമായുള്ള ഊർജ്ജം കണ്ടെത്തൽ . | 6 മാസം | പി ടി എ ഉച്ചഭക്ഷണം | രണ്ട് ലക്ഷം (അനെർട്ട് ) |

**പ്രവർത്തനത്തിന്റെ പേര് : ടൂൾ,കിറ്റ്**
**ഉപമേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൃഷി, അറ്റകുറ്റപ്പണി തുടങ്ങിയവ കാര്യക്ഷമമാക്കൽ | വൈദ്യുതി, ജലവിതരണം, പച്ചക്കറി കൃഷി, കമ്പ്യൂട്ടർ തുടങ്ങിയവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ഉപകരണങ്ങളും ആയുധങ്ങളും ഒരു മുറിയിൽ സൂക്ഷിക്കൽ | 6 മാസം | പി ടി എ സ്റ്റാഫ് സെക്രട്ടറി | 10000 (പി ടി എ) |

**പ്രവർത്തനത്തിന്റെ പേര് : കോർണർ പിടിഎ യോഗങ്ങൾ**
**ഉപമേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് പി ടി എ യോഗങ്ങൾ ചേരൽ | വർഷത്തി ലൊരിക്കൽ | എസ് എസ് ജി എസ് ആർ ജി | 10000 (പി ടി എ) |

**പ്രവർത്തനത്തിന്റെ പേര് : പഠന കൂട്ടങ്ങൾ**
**ഉപമേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികവുകളുടെ അവതരണം പഠനം കാര്യ ക്ഷമമാക്കൽ | വിദ്യാർത്ഥികളെ മേഖലകളാക്കി തിരിച്ച് പഠനക്കൂട്ടങ്ങൾ രൂപീകരിക്കണം.ഓരോ ടേമിലും ഒന്ന് വീതം അര ദിവസം നീണ്ടുനിൽക്കുന്ന വിവിധ മികവുകളുടെ അവതരണവും രക്ഷിതാക്കൾക്ക് വേണ്ടി സമകാലിക പ്രസക്തിയുള്ള വിഷയത്തിൽ ക്ലാസും നടത്തൽ .ഞായറാഴ്ചകളിൽ പതിവായി ക്ലാസ്സ് , ക്വിസ് തുടങ്ങിയവ സംഘടിപ്പിക്കൽ | ഓരോ ടേമിലും ഒന്ന് വീതം മികവുകളുടെ അവതരണം ആഴ്ചയിൽ ഒരു ദിവസം പഠനക്കൂട്ടം | എസ് എസ് ജി എസ് ആർ ജി പി ടി എ | 5000 സ്പോൺസർഷിപ്പ് |

**പ്രവർത്തനത്തിന്റെ പേര് : പി ടി എ/പി ടി എ വാർഷികോത്സവം**
**ഉപമേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അധ്യാപക രക്ഷാ കർത്തൃ ബന്ധം ശക്തമാക്കുക | പി ടി എ ,മദേഴ്സ് ഫോറം , അധ്യാപകർ ,കുട്ടികൾ എന്നിവർ സംയുക്തമായി വിവിധ കലാപരിപാടികൾ അവതരിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ് എസ് ജി എസ് ആർ ജി പി ടി എ | 10000 പി ടി എ ഫണ്ട് |

**പ്രവർത്തനത്തിന്റെ പേര് : പുസ്തക സമാഹരണം**
**ഉപമേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്ത മാക്കൽ. | അധ്യാപകരും കുട്ടികളും ഉൾപ്പെടുന്ന ചെറുസംഘം വായനയുടെ പ്രാധാന്യം വ്യക്തമാക്കുന്ന പ്ലക്കാഡുമായി സ്കൂൾ പരിസരത്തെ വീടുകൾ സന്ദർശിച്ച് ഗ്രന്ഥശാലയിലേക്ക് ആവശ്യമായ പുസ്തകങ്ങൾ ശേഖരിക്കൽ . | വർഷത്തിൽ ഒരു പ്രാവശ്യം | എസ് ആർ ജി സ്കൂൾ പാർലമെൻറ് | |

**പ്രവർത്തനത്തിന്റെ പേര് : മികവുറ്റ സ്കൂളിലേക്ക് പഠനയാത്ര**
**ഉപമേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൂടുതൽ ആശയങ്ങൾ രൂപീകരിക്കുക | മികവാർന്ന വിധത്തിൽ പാഠ്യ -പാഠ്യ അനുബന്ധ പ്രവർത്തനങ്ങൾ നടപ്പാക്കുന്ന വിദ്യാലയങ്ങളിലേക്ക് യാത്ര നടത്തി അനുഭവങ്ങൾ അടുത്തറിയൽ. | വർഷത്തിൽ ഒരു പ്രാവശ്യം | പിടിഎ കായിക അധ്യാപകൻ | 5000 (പി ടി എ) |

**പ്രവർത്തനത്തിന്റെ പേര് : എന്റെ പുസ്തകം**
**ഉപമേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവാർഡ്/ സമ്മാനം നൽകി ആദരിക്കൽ | കുട്ടികൾ രചിച്ച കഥ, കവിത, കാർട്ടൂൺ, കഥാപ്രസംഗം, തുടങ്ങിയ വിവിധ സാഹിത്യ സൃഷ്ടികൾ എസ് ആർ ജിയുടെ ഉപസമിതി പരിശോധിച്ച് പ്രസിദ്ധീകരണ യോഗ്യമായ തെരഞ്ഞെടുക്കൽ, വിറ്റഴിക്കൽ , അച്ചടി ചെലവ് കഴിഞ്ഞ് ബാക്കി വരുന്ന തുക പുതിയ പുസ്തകങ്ങൾ വാങ്ങുവാൻ ഉപയോഗിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | | 10000 (പരസ്യം) |

**പ്രവർത്തനത്തിന്റെ പേര് : സ്കൂൾ കലണ്ടർ**
**ഉപമേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ മികവുകൾ സമൂഹ വുമായി പങ്കു വെക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക പ്രവർത്തനങ്ങളും സാധാരണ ദിവസ കലണ്ടറും ചേർത്ത് അച്ചടിച്ച് രക്ഷിതാക്കൾക്കും പൊതുസമൂഹത്തിലും നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ് ആർ ജി പി ടി എ | 10000 (പരസ്യം) |

**പ്രവർത്തനത്തിന്റെ പേര് : ഗ്രാമപത്രം**
**ഉപമേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ പ്രവർ ത്തനങ്ങൾ പൊതു സമൂഹത്തെ അറിയിക്കൽ | വിദ്യാലയത്തിന്റെ സമീപമുള്ള റോഡുകളിലെ കവലകളിൽ വിദ്യാലയത്തിന്റെ ഗ്രാമപത്രം നിർമ്മിക്കൽ . ചുമതല പ്പെടുത്തിയിരിക്കുന്ന കുട്ടികൾ ദിവസവും വിദ്യാലയ സംബന്ധമായ മികവുകളും പൊതുവാർത്തകളും അറിയിപ്പുകളും ഗ്രാമപത്രത്തിൽ എഴുതൽ . | പ്രതിദിനം | എസ് ആർ ജി സ്കൂൾ പാർലമെൻറ് | 5000 (ഒ എസ് എ) |

**പ്രവർത്തനത്തിന്റെ പേര് : ഹരിത ഗ്രാമം**
**ഉപമേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗ്രാമ വീഥികളെ പരമാവധി ഹരിതാഭ മാക്കൽ | വിദ്യാലയത്തിലേക്കുള്ള വിവിധ വഴികളിൽ പരമാവധി തണൽ മരങ്ങൾ വെച്ചുപിടിപ്പിക്കൽ .അവയുടെ പരിപാലനം ഗ്രൂപ്പ് തിരിച്ച് കുട്ടികൾക്ക് നൽകൽ, സമീപത്തെ ക്ലബ്ബുകൾ, വായനശാലകൾ തുടങ്ങിയവയെ പദ്ധതിയിൽ പങ്കെടുപ്പിക്കാം. | വർഷത്തിൽ ഒരു പ്രാവശ്യം | പിടിഎ സ്കൂൾ പാർലമെൻറ് | 10000 (ഒ എസ് എ) |

**പ്രവർത്തനത്തിന്റെ പേര് : ലഹരിക്കെതിരെ**
**ഉപമേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലഹരി വിമുക്ത ക്യാമ്പസ് | വിദ്യാർത്ഥികൾക്കിട യിൽ വിവിധ തരത്തി ലുള്ള ബോധവൽക്ക രണ പരിപാടികൾ സംഘടിപ്പിക്കുക | വിവിധ മാസങ്ങ ളിൽ | പിടിഎ എസ് പി സി ജെ ആർ സി | |
| | കൗൺസിലിംങ്ങ് നൽകുക | | | |
| | ലഹരിക്കെതിരെ ഒരു ഗോൾ | ജൂലൈ | വിമുക്തി ക്ലബ്ബ് | |
| | ലഹരി വിരുദ്ധ റാലി | ജൂൺ 26 | | |
| | പോസ്റ്റർ പ്രദർശനം | ജൂൺ | | |
| | ഫ്ളാഷ് മോബ് | | | |

## പ്രതീക്ഷിത നേട്ടങ്ങൾ(കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ)

* ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.

* സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു

* വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു

* മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു

* വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടിയിടുവാൻ കഴിയുന്നു.

(പ്രതീക്ഷിത നേട്ടങ്ങൾ -പദ്ധതി നടപ്പാക്കി കഴിയുമ്പോൾ നമ്മുടെ വിദ്യാലയങ്ങളിൽ ഉണ്ടാകണമെന്ന് നാം ലക്ഷ്യം വഹിക്കുന്ന മാറ്റങ്ങളും തദ്വര കൈവരിക്കുന്ന നേട്ടങ്ങളുമാണിത്)

## മോണിറ്ററിംഗ് രീതി

* ഉദ്യോഗസ്ഥ തലത്തിൽ മോണിറ്ററിംഗ് സ്കൂൾതലം മുതൽ ശക്തമാക്കുന്നു.

* സോഷ്യൽ മോണിറ്ററിംഗ് രീതി (പി ടി എ ,എം പി ടി എ , എസ് എസ് ജി , എസ് ആർ ജി , ഒ എസ് എ എന്നിവരെ ഉൾപ്പെടുത്തി ) നടപ്പിലാക്കണം

* ദൈനംദിന മോണിറ്ററിംഗ് , എച്ച്. എം,പ്രിൻസിപ്പാൾ, എസ് ആർ ജി കൺവീനർ, പി ടി എ പ്രസിഡണ്ട് എന്നിവരുടെ നേതൃത്വത്തിൽ നടത്താം.

(മോണിറ്ററിംഗ് രീതി -പദ്ധതിയുടെ സുഖകരവും കാര്യക്ഷമവുമായ നടത്തിപ്പിനെ സഹായകരമാകുന്ന ഒരു മോണിറ്ററി രീതി അതാത് വിദ്യാലയങ്ങൾ വികസിപ്പിച്ചെടുക്കണം. പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുന്നതായിരിക്കണം ഇത് )

# ഉപസംഹാരം

സങ്കീർണമായ ആധുനിക ലോകത്തിനൊപ്പം നടന്നു നീങ്ങാൻ പുതിയ തലമുറയെ പ്രാപ്തമാക്കാൻ കഴിയും വിധം വിദ്യാഭ്യാസ സംവിധാനം കാലാനുസൃതമായി മാറേണ്ടതുണ്ട്.മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാ പ്രക്രിയയായ വിദ്യാഭ്യാസത്തെ സ്വകാര്യവൽക്കരിക്കുന്ന പ്രവണത ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്.ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം.അതിനാൽ കേരളത്തിൻെറ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്ന് ആഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാവുക എന്നത് .നാട്യങ്ങൾ ഏതുമില്ലാതെ നന്മകളായി സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തു സൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കും എന്ന് പ്രതീക്ഷിക്കുന്നു.